# 52

# ബാബിലോൻ നിങ്ങളെ വഴിതെറ്റിക്കുവാൻ ശ്രമിക്കുമ്പോൾ

## (വെളിപ്പാട് 17:1- 6, 9, 15, 18)

നിങ്ങൾ ഒരു ദിവസം വൈകുന്നേരം ടിവി നോക്കിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് തടസപ്പെടുത്തി ഒരറിയിപ്പുണ്ടാകുന്നുവെന്ന് വിചാരിക്കുക: "ചാനൽ 6 വാർത്തകൾക്കായി ഞങ്ങൾ ഈ പരിപാടി തടസപ്പെടുത്തുന്നു. സീഡാർ റിഡ്ജ് പട്ടണത്തിൽ ചുഴലിക്കാറ്റ് ആഞ്ഞടിച്ചിരിക്കുന്നു," പരസ്യത്തിനിടക്ക്, നാശം വിതെച്ചതിന്റെ ചില ദൃശ്യങ്ങൾ കാണിച്ച് "വിശദമായ വാർത്തകൾ വൈകുന്നേരം 10.00 ന്" എന്നു പറയുന്നു. വൈകുന്നേരം 10.00 ന് വാർത്തകൾ തുടങ്ങുന്നത് ചുഴലിക്കാറ്റിനെ കുറിച്ചാണ്, മുഴുവൻ സംഭവങ്ങളും 10.00 ന് കാണിക്കുന്നു - അത് വരുത്തിയ നാശങ്ങളും, നഷ്ടങ്ങളും, തൽഫലമായി സീഡാർ റിഡ്ജിലെ ജനങ്ങളുടെ ദുരിതാവസ്ഥയും പറയുന്നു.[1]

വെളിപ്പാട് പുസ്തകത്തിൽ മഹതിയാം ബാബിലോന്റെ നാശത്തെ കുറിച്ചുള്ള ഒരു രംഗം അതുപോലെയാണ്: അദ്ധ്യായം 14-ൽ ഒരു ദൂതൻ ആകാശമദ്ധ്യേ പറന്ന്, അറിയിച്ചു, "വീണുപോയി, തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളേയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി" (വാ. 8). ബാബിലോനെ തിരിച്ചറിയിക്കയോ വിവരിക്കുകയോ ചെയ്തില്ല. അവളുടെ പതനത്തിന്റെ വിശദാംശങ്ങളും നൽകിയില്ല. നമുക്ക് ആ അറിയിപ്പ് മാത്രമെയുള്ളു.

അദ്ധ്യായം 16 ലെ ക്രോധ കലശങ്ങൾ ബാബിലോന്റെ നാശത്തിന്റെ മൂർദ്ധന്യാവസ്ഥയാണ് കാണിക്കുന്നത്: "മഹാനഗരം മൂന്നായി പിരിഞ്ഞു. ജാതികളുടെ പട്ടണങ്ങളും വീണുപോയി. ദൈവകോപത്തിന്റെ ക്രോധമുള്ള പാത്രം മഹാബാബിലോന്ന് കൊടുക്കേണ്ടതിന്ന്, അവളെ ദൈവസന്നിധിയിൽ ഓർത്തു" (വാ. 19). ഈ ഭാഗത്ത് ബാബിലോനെ നഗരം എന്നാണ് വിളിച്ചിരിക്കുന്നത്. ദൈവം അവളിൽ സന്തോഷിച്ചില്ല, എന്നാൽ പല ചോദ്യങ്ങൾ അവശേഷിക്കുന്നു: "ബാബിലോൻ വാസ്തവത്തിൽ ഒരു നഗരം ആയിരുന്നോ? അങ്ങനെയെങ്കിൽ, ഏതു നഗരം?"; "ദൈവകോപം വിളിച്ചുവരുത്തുവാൻ ബാബിലോൻ എന്താണ് ചെയ്തത്?" "ശരിക്കും അവൾ എങ്ങനെ നശിക്കേണ്ടിയിരുന്നു?"

ഒടുവിൽ, അദ്ധ്യായം 17 മുതൽ 19 വരെ മഹതിയാം ബാബിലോന്റെ "വീഴ്ച്ചയെ മുഴുവനായും" വിവരിക്കുന്നു. ബാബിലോൻ ആരാണെന്നും (എന്താണെന്നും) അദ്ധ്യായം 17-ൽ വിശദമാക്കുന്നു. അദ്ധ്യായം 18-ൽ ആ വീഴ്ച്ചയെ വരച്ചു കാണിച്ചിരിക്കുന്നു. വിശ്വസ്തരായവർ അവളുടെ വീഴ്ച്ചയിൽ സന്തോഷിക്കുന്നത് നാം അദ്ധ്യായം 19-ൽ കാണും. (സമയമെടുത്ത് ബാബിലോന്റെ വീഴ്ച്ചയെ വിശദമാക്കുന്നത് ആദ്യ ക്രിസ്ത്യാനികൾക്കും - നമുക്കും അത് പ്രാധാന്യമുള്ളതാണെന്ന് വ്യക്തമാക്കുന്നു.)

അദ്ധ്യായം 17 ന്റെ ആദ്യത്തെ ആറ് വാക്യങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ് ഈ പാഠം. മഹതിയാം ബാബിലോനെ നാം തിരിച്ചറിയണം: അവൾ ആരായിരുന്നു എന്നും ആരാണ് എന്നും. പിശാചിന്റെ പദ്ധതിയിൽ ബാബിലോന്റെ മുഖ്യ പങ്കിന് നാം പ്രത്യേകിച്ച് ഊന്നൽ കൊടുക്കും. അവൾ സാത്താന്റെ *മൂന്നാമത്തെ* സഖ്യമായിരുന്നു. ഒന്നാമത്തെ സഖ്യം കടൽ ജന്തുവുമായിട്ടായിരുന്നു (അസാധാരണമായി "മൃഗം" എന്നു വിളിച്ചിരിക്കുന്നു); രണ്ടാമത്തെ സഖ്യം കര ജന്തുവുമായിട്ടായിരുന്നു (അതിനെ "കള്ളപ്രവാചകൻ" എന്നു വിളിച്ചിരിക്കുന്നു); മഹതിയാം ബാബിലോൻ ആണ് മൂന്നാമത്തേത്. പിശാചിന്റെ തന്ത്രമായിരുന്നു യോഹന്നാന്റെ കാലത്ത് മൃഗം (റോമാസാമ്രാജ്യം) ഉപയോഗിച്ചത്: *ഭീഷണി.*[2] കള്ളപ്രവാചകൻ (യോഹന്നാന്റെ കാലത്ത് ചക്രവർത്തിയാരാധന പ്രോൽസാഹിപ്പിച്ച ഏജന്റുമർ) ഉപയോഗിച്ചത് സാത്താന്റെ രണ്ടാമത്തെ തന്ത്രമായിരുന്നു: *വഞ്ചന.*[3] മഹതിയാം ബാബിലോൻ സ്വീകരിച്ചത് മൂന്നാമത്തെ സമീപനമായിരുന്നു: *വഴിപിഴപ്പിക്കൽ.*

ബുദ്ധിയും, വികാരവും, മനസും കൂടിച്ചേർന്നതാണ് നിങ്ങളുടെ ഹൃദയം (ആന്തരിക വ്യക്തിത്വം). ഭീഷണി*യാൽ* പിശാച് നിങ്ങളുടെ മനസിനെ താഴ്ത്തുവാൻ ശ്രമിക്കുന്നു. അത് വിജയിച്ചില്ലെങ്കിൽ, പിന്നെ നിങ്ങളുടെ ബുദ്ധിക്ക് ചുറ്റും വഞ്ചനയുടെ *മൂടുപടം* അണിയിക്കും. എങ്ങനെയായാലും, നിങ്ങൾ അവന്റെ സമ്മർദ്ദത്തിനു വഴങ്ങാതെയും അവന്റെ ഭോഷ്ക്ക് വിശ്വസിക്കാതെയും ഇരുന്നാലും അവൻ വിട്ടുപോകുമെന്ന് വിചാരിക്കരുത്. നിങ്ങളുടെ *വികാരങ്ങളെ* ഇളക്കുന്ന, മഹതിയാം ബാബിലോൻ അപ്പോഴും അവനുണ്ട്. അവൾ നിങ്ങളെ വഴി പിഴപ്പിക്കുവാൻ ശ്രമിക്കും - പലപ്പോഴും അവൾ പരാജയപ്പെടുന്നതിനേക്കാൾ വിജയിക്കുകയാണ് പതിവ്.

കീഴ്പ്പെടുത്തുവാൻ കഴിയാത്ത ശത്രുവാണ് ബാബിലോൻ. ഈ പാഠത്തിന് ഞാൻ "ബാബിലോൻ നിങ്ങളെ വഴിതെറ്റിക്കുമ്പോൾ" എന്നാണ് തലവാചകം കൊടുത്തിരിക്കുന്നത്. തലവാചകത്തിന് ഉദ്ദേശിച്ച ഫലം ലഭിക്കുവാൻ, "ബാബിലോന്" പകരം ആർഷണീയമായ ഒരു സ്ത്രീയുടെ പേർ നൽകുക.[4] നിങ്ങളുടെ പ്രിയ പത്നി ഒഴിച്ച് ആരെയെങ്കിലും എടുക്കുക. നമ്മുടെ ഉദ്ദേശത്തിനായി ലോകത്തിൽ വഴിപിഴപ്പിക്കുന്ന ഒരു സ്ത്രീയെ വിചാരിക്കുക. ആ വ്യക്തി നിങ്ങളെ വഴിപിഴപ്പിക്കുവാൻ ശ്രമിച്ചാലോ? ദൈവത്തിന്റേയും മനുഷ്യരുടേയും നിയമത്തെ ലംഘിക്കുവാൻ നിങ്ങളെ വശീകരിച്ചാലോ? നിങ്ങൾ അതിനെ എങ്ങനെ പ്രതികരിക്കും?

നമ്മുടെ വേദഭാഗത്തുനിന്ന് ആ സത്യങ്ങൾ എടുക്കുകയാണ് ഈ പാഠത്തിൽ. ബാബിലോന്റെ ശക്തമായ വശീകരണം അതിജീവിക്കണമെങ്കിൽ നിങ്ങളും ഞാനും ആ സത്യങ്ങൾ അറിഞ്ഞിരിക്കണം.

### അവളുടെ മോഹം നിഷേധിക്കുവാൻ കഴിയാത്തത് (17:1-6, 9, 15, 18)

വേദഭാഗം തുടങ്ങുന്നു, "പിന്നെ ഏഴ് കലശമുള്ള ഏഴ് ദൂതന്മാരിൽ ഒരുവൻ വന്നു എന്നോട് സംസാരിച്ചു. 'വരിക,' " (വാ. 1). ആ ദൂതൻ ഏഴുപേരിൽ ആരായിരുന്നു എന്ന് നമ്മോട് പറയുന്നില്ല.[5]

### പരീക്ഷക

ദൂതൻ യോഹന്നാനോട് പറയുന്നു, "പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി ഞാൻ നിനക്ക് കാണിച്ചു തരാം" (വാ. 1).[6] ആ

“മഹാവേശ്യയെ” വാക്യം 5-ൽ “മഹതിയാം ബാബിലോൻ” എന്നു വിളിച്ചിരിക്കുന്നു. ദൂതൻ പിന്നീട് “പെരുവെള്ളം” വ്യാഖ്യാനിച്ചു തരുന്നുണ്ട്: “നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും അത്രേ” (വാ. 15).[7] “വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും” എന്ന് നാലായി തരം തിരിക്കുന്നത് എല്ലാവരേയും ഉൾപ്പെടുത്തുന്നതാണ്.[8] “ഇരിക്കുന്നു” എന്ന വാക്ക് സൂചിപ്പിക്കുന്നത് വേശ്യ ലോകത്തിൽ വിശ്രമമില്ലാത്തവരെ *ഭരിച്ചുകൊണ്ടിരിക്കുന്നു* എന്നർത്ഥം.

അവളുടെ ആത്യന്തിക ലക്ഷ്യം വഴിപിഴപ്പിക്കലാണെന്ന് വ്യക്തമാക്കുന്നതാണ് “വേശ്യ” എന്ന വാക്ക്. (വേശ്യയുടെ ഉദ്ദേശം വഴിതെറ്റിക്കലാണെന്ന് എന്തെങ്കിലും സംശയമുണ്ടെങ്കിൽ സദൃശവാക്യങ്ങൾ 5, 7, 9 നോക്കുക.) അവളുടെ ജോലിയുടെ വിജയത്തിൽ അവൾ ആസ്വദിച്ചിരുന്നത് വാക്യം 2-ൽ പറയുന്നു: “വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂരാജാക്കന്മാരെ അവൾ മത്തരാക്കി” (വാ. 2).[9] “ഭൂരാജാക്കന്മാർ” ലോകത്തിൽ സ്വാധീനമുള്ള ഭരണാധികാരികളാണ്.[10] അവരെ അനുഗമിച്ച പ്രജകളെ അവർ എവിടേക്കാണ് നയിക്കുന്നത്: “വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കി”[11] (വാ. 2), പരീക്ഷണത്തെ ചെറുക്കുവാൻ പലർക്കും കഴിയാത്തതാണ് മദ്യം, മഹാവേശ്യ അതിന്റെ സൂത്രമെല്ലാം അറിഞ്ഞവളായിരുന്നു.

പിന്നെ ദൂതൻ അപ്പൊസ്തലനെ “ആത്മാവിൽ മരുഭൂമിയിലേക്ക് കൊണ്ടുപോയി” (വാ. 3),[12] യോഹന്നാൻ തുടർച്ചയായി ആത്മാവിന്റെ നിയന്ത്രണത്തിലായിരുന്നു.[13] അദ്ധ്യായം 12 ലെ സ്ത്രീയെ സംരക്ഷിക്കേണ്ടതിന് ദൈവം മരുഭൂമിയിലേക്ക് കൊണ്ടുപോയിരുന്നു (12:14). ഒരുപക്ഷെ മഹാവേശ്യയിൽനിന്നു സംരക്ഷിക്കേണ്ടതിനായിരിക്കാം യോഹന്നാനെ മരുഭുമിയിലേക്ക് കൊണ്ടുപോയത്. ഒരുപക്ഷെ അവളെ ശരിക്ക് കാണുവാൻ പറ്റിയ സ്ഥലം മരുഭൂമിയായതുകൊണ്ടാകാം അവിടേക്ക് കൊണ്ടുപോയത്.[14]

അവിടെയെത്തിയപ്പോൾ, അവൻ വിസ്മയാവഹമായ ഒരു കാഴ്ച്ച കണ്ടു: “ഏഴ് തലയും പത്തു കൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞ് കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ[15] ഒരു സ്ത്രീ ഇരിക്കുന്നത് ഞാൻ കണ്ടു” (വാ. 3) അവൾ ഇരുന്ന കടുഞ്ചുവപ്പുള്ള മൃഗം അദ്ധ്യായം 13 ലെ ആദ്യത്തെ മൃഗമാണ്,[16] “... പത്തു കൊമ്പും ഏഴ് തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽനിന്നു കയറുന്നത് ഞാൻ കണ്ടു” (13:1).[17] ആ വിചിത്രജീവിയെ കുറിച്ച് വിശദമായി അദ്ധ്യായം 17-ൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. അവന്റെ യജമാനനായ മഹാസർപ്പത്തിന്റെ (സാത്താൻ) നിറമായിരുന്നു അവന്റേത് (12:3).[18] മുൻപ്, ദൂഷണനാമങ്ങൾ അവന്റെ തലയിൽ മാത്രമെ ഉണ്ടായിരുന്നുള്ളു, ഇപ്പോൾ അവനിൽ ദൂഷണനാമങ്ങൾ *നിറഞ്ഞിരിക്കയാണ്.*[19] വീണ്ടും, “ഇരിക്കുന്നു” എന്നത് ഭരിക്കുന്നതിന്റേയും നിയന്ത്രിക്കുന്നതിന്റേയും സൂചനയാണ്. പരിചയസമ്പന്നനായ കുതിരസവാരിക്കാരനെ പോലെ സ്ത്രിക്ക് മൃഗത്തിന്മേൽ നിയന്ത്രണമുണ്ടായിരുന്നു.[20]

സ്ത്രീയെ വാക്യം 4 ഉം 5 ഉം പറയുന്നത്, “ആ സ്ത്രീ ധൂമ്രവർണ്ണവും കടുഞ്ചുവപ്പുനിറവുമുള്ള വസ്ത്രം ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളായി തന്റെ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രം കയ്യിൽ പിടിച്ചിരിക്കുന്നു ... മർമ്മം[21] ‘**മഹതിയാം ബാബിലോൻ**’, വേശ്യമാരുടേയും മ്ലേച്ഛതകളുടേയും മാതാവ് എന്നോരു പേർ അവളുടെ നെ

റ്റിയിൽ എഴുതിയിട്ടുണ്ട് ...” (ഈ പാഠത്തിന്റെ അവസാനം വരുന്ന “രക്തം കുടിച്ചു മത്തയായ വേശ്യ” എന്ന ചിത്രീകരണം നോക്കുക.)

ഉന്നതരും രാജധാനിയിലുള്ളവരും ധരിച്ചിരുന്ന വസ്ത്രം ധൂമ്രവർണ്ണവും ചുവപ്പുമായിരുന്നു.[22] പൊന്നും, വിലയേറിയ രത്നങ്ങളും, മുത്തുകളും ധനവാന്മാർക്ക് മാത്രം വഹിക്കാവുന്നതായിരുന്നു. “ഒരു രാജ്ഞിയെ പോലെ” ആയിരുന്നു ബാബിലോന്റെ വസ്ത്രധാരണം (18:7). ഗുണമില്ലാത്ത നാട്ടിൻപുറത്തെ നടപ്പുകാരിയായിരുന്നു. അവൾ സമൂഹത്തിലെ ഉയർന്നവരുമായിട്ടായിരുന്നു ഇടപഴകിയത്. ഇന്ന്, അവൾ സമൂഹത്തിലെ, സംസ്ക്കാരമുള്ളതും, മുഷിപ്പിക്കുന്നതും, ക്ഷയിപ്പിക്കുന്ന പരിഷ്ക്കാരികളുമായി ഇടകലർന്നിരിക്കും. അവളെ ടെലിവിഷൻ പ്രോഗ്രാമിലെ “ധനികരുടേയും പ്രസിദ്ധരുടേയും” ജീവിതശൈലിയായി പറയാം.

**ടൗൺ**

നാം കൂടുതൽ മുൻപോട്ട് പോകുന്നതിനു മുൻപ് “മഹാവേശ്യയെ” തിരിച്ചറിയണം. വേദഭാഗത്ത് അവളെ വീണ്ടും, വീണ്ടും, “ബാബിലോൻ”[23] എന്നു വിളിച്ചിരിക്കുന്നു. പണ്ട്കാലത്ത് അറിയപ്പെട്ട പുരാതന പട്ടണങ്ങളിലൊന്നായിരുന്നു ബാബിലോൻ. അവിടെ, “നാഗരിക ആഡംബരം, പഠനം, വ്യവസായം എന്നിവ ആദ്യം തന്നെ പുരുഷന്മാരെ ആകർഷിച്ചിരുന്നു.”[24] അത് “ലോകസാമ്രാജ്യത്തിന്റെ രാഷ്ട്രീയവും മതപരവുമായ കേന്ദ്രമായിരുന്നു, അതോടൊപ്പം ... അധാർമ്മികതക്കും പേര് കേട്ടിരുന്നു.”[25] യെഹൂദമനസിൽ, ബാബിലോൻ, ദൈവജനത്തെ പകെക്കുന്ന അഭക്തിയുടെ പര്യായമായിരുന്നു. ബി. സി. 586-ൽ ബാബിലോൻ യെരുശലേമിനെ നശിപ്പിക്കുകയും യിസ്രായേല്യരെ പിടിച്ച് മറ്റൊരു ദേശത്തേക്ക് കൊണ്ടുപോകയും ചെയ്തിരുന്നു. “*മഹതിയാം* ബാബിലോൻ” എന്ന പേര് ദാനിയേൽ 4:30 ൽനിന്നു വരുന്നതാണ്, സൂചിപ്പിക്കുന്നത് അവളുടെ വാസ്തവത്തിലുള്ള മാഹാത്മ്യത്തെയല്ല, അവളുടെ സാങ്കൽപിക പ്രാധാന്യത്തെയാണ് വ്യക്തമാക്കുന്നത്.

ബാബേലിന്റെ സ്വഭാവത്തോടുകൂടിയ ഒരു നഗരമാണ് പരിശുദ്ധാത്മാവിന്റെ മനസിലുണ്ടായിരുന്നത് എന്നത് സംശയരഹിതമായി പറയാം (വാ. 18; 16:19). “ഏതു നഗരം?” എന്നതാണ് ചോദ്യം. അതിനുത്തരം ലഭിക്കുവാൻ, “ഭൂരാജാക്കന്മാരിൽ വാഴുന്ന മഹാനഗരം” എന്ന് കേൾക്കുമ്പോൾ, യോഹന്നാന്റെ വായനക്കാരുടെ മനസിൽ എന്താണ് വരുന്നത് എന്നു ചോദിക്കണം (വാ. 18)? അങ്ങനെയുള്ളത് റോമാനഗരം മാത്രമാണ്. (“വാഴുന്നു” എന്ന വാക്ക് വർത്തമാന കാലത്തിൽ ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. വെളിപ്പാട് എഴുതുന്ന സമയത്ത് റോമായിരുന്നു വാണുകൊണ്ടിരുന്നത്.) ജെയിംസ് എഫേർഡ് എഴുതി, “വ്യക്തമായും, സ്ത്രീ റോം തന്നെയാണ് ... യോഹന്നാനോട് കൂടുതൽ വ്യക്തതയോടെ വരച്ച് കാണിപ്പാൻ പറഞ്ഞിരുന്നുവെങ്കിൽ, അവൻ വലിയ അക്ഷരത്തിൽ തന്നെ എഴുതുമായിരുന്നു.”[26]

ആദ്യ വായനക്കാരുടെ ഉള്ളിൽ എന്തെങ്കിലും സംശയം ഉണ്ടായിരുന്നുവെങ്കിൽ, അതും നീങ്ങുന്നതാണ് വാക്യം 9 ലെ “സൂചന”: “ഏഴ് തലകൾ സ്ത്രീ ഇരിക്കുന്ന ഏഴ് മലകളാകുന്നു.” ഹെന്റി സ്വെറ്റ് എഴുതി, “ആ വാക്കുകളുടെ അർത്ഥത്തിന്റെ കാര്യത്തിൽ ന്യായമായ സംശയങ്ങൾ വരുവാനിടയില്ല. ലത്തീൻ കവികളുടെ പൊതുവായ സ്ഥലം [അലങ്കാരം] ആണ് റോമിന്റെ ഏഴ് മലകൾ ...”.[27] ഹോമർ ഹെയ്‌ലി അതിനോട് യോജിച്ചു: “തിബര്യയുടെ അതിരു

കളായിരുന്ന ഏഴ് മലകളിന്മേൽ പണിതതായ റോം വളരെ കാലമായി റോമൻ കവികളുടേയും എഴുത്തുകാരുടേയും വിഷയമായിരുന്നു ... യോഹന്നാന്റെ വായനക്കാരിലേക്ക് ഉടനെ എത്തുന്നത് റോം ആയിരിക്കും."[28]

മഹതിയാം ബാബിലോൻ എന്നു പറയുന്നത് റോം ആണെന്ന് വിശ്വസിക്കാത്തവർ പോലും, ആദ്യക്രിസ്ത്യാനികളുടെ മനസിലേക്ക് ആദ്യം വരുന്നത് റോം ആയിരിക്കുമെന്നത് സമ്മതിക്കും. റോം ആണെന്ന് യോഹന്നാന്റെ വായനക്കാർ മനസിലാക്കരുതെന്നാണ് പരിശുദ്ധാത്മാവ് ആഗ്രഹിച്ചിരുന്നതെങ്കിൽ, "ഞാൻ പറയുന്നത് റോമല്ല" എന്ന് കൂടെ ചേർക്കുമായിരുന്നു. ബ്രൂസ് മെറ്റ്സ്ജർ പറഞ്ഞു, "ബാബിലോൻ എബ്രായർക്ക് എല്ലാ ദുഷ്ടതയുടേയും ഉപദ്രവങ്ങളുടേയും പ്രതീകമായിരുന്നതുപോലെ, യോഹന്നാന്, റോം മറ്റൊരു ബാബിലോൻ ആയിരുന്നു, സകല വഴിപിഴപ്പിക്കലിന്റേയും ഉറവിടവും, ആഡംബരവും, ലൗകികമായി മദാലസയായി സ്വാർത്ഥതയിൽ കഴിയുന്ന നഗരമായിരുന്നു."[29]

**പരീക്ഷണം**

എങ്ങനെയായാലും, മിക്കപേരും ഫ്രാങ്ക് പാക്ക് പറഞ്ഞതിനോട് യോജിക്കും, "ദുഷ്ടതക്കും, വിഗ്രഹാരാധനക്കും, ചക്രവർത്തിയാരാധന എന്ന ദുഷ്പ്രവണതക്കും പുരാതന റോമിനെക്കാളും ഒട്ടും മോശമായിരുന്നില്ല ബാബിലോനും. അതിന്റെ സ്വാധീനശക്തി വർഷങ്ങളോളം ദൈവത്തെ-ത്യജിക്കുന്നതിനായി ഉപയോഗിച്ചിരുന്നു."[30]

നാം തുടങ്ങിയത് നഗരത്തിൽനിന്നായതുകൊണ്ട്, ആദ്യമായി എന്റെ മനസിലേക്ക് വരുന്ന പ്രായോഗികത ഞാൻ സന്ദർശിച്ചതായ മഹാ-നഗരമാണ്. അത് കലയുടേയും സംസ്കാരത്തിന്റേയും കേന്ദ്രമായിരിക്കുന്നതിനോടൊപ്പം - ദുരാചാരത്തിന്റേയും അഴിമതിയുടേയും ഉത്ഭവസ്ഥാനമായിരിക്കും. യുവാക്കളുടെ ഉദാഹരണങ്ങൾ പലതെടുക്കാം (വളരെ ചെറുപ്പമല്ലാത്ത ചിലർ) "വലിയ നഗരം" എന്നു കേൾക്കുമ്പോൾ തന്നെ, അവിടെ പോയി ആ ജീവിതരീതി സ്വീകരിക്കും.

എങ്ങനെയായാലും, നാം മഹാവേശ്യയാൽ വഴിപിഴക്കുവാനായി ന്യൂയോർക്ക്, ലോസ് ആഞ്ചലസ്, ലണ്ടൻ, പാരീസ് തുടങ്ങിയ നഗരങ്ങളിൽ പോകണം എന്നില്ല. ജീവിതത്തിലെ പ്രാഥമിക ലക്ഷ്യങ്ങളായ ആവേശം, ആശ്വാസം, ആദായം എന്നിവ നോക്കുന്ന എവിടേയും എല്ലായിടത്തും ബാബിലോൻ കാണാം. നിങ്ങൾ അമേരിക്കയിലെ ഒരു ചെറിയ ടൗണിലോ, അല്ലെങ്കിൽ, ആസ്ട്രേലിയയിലെ വാഗാ, വാഗായിലോ താമസിച്ചാലും, നിങ്ങൾ "ഇടുങ്ങിയതും ഞെരുക്കമുള്ളതുമായ" വഴി മാറി സഞ്ചരിക്കുവാൻ വേശ്യ നിങ്ങളുടെ ചെവിയിൽ മന്ത്രിച്ചുകൊണ്ടിരിക്കും (മത്തായി 7:14 നോക്കുക; കെജെവി). ബാബിലോന്റെ ആകർഷണീയതയെ കുറിച്ച് ക്ലാരെൻസ് മക്കാർട്ട്നീ എഴുതി:

> ഓ ലോകമേ, ഓ ലോകമേ, നീ എന്തു വഞ്ചകൻ ... നിന്റെ മുഖസ്തുതിയും വശീകരണവും, ചായം തേച്ച നിന്റെ മുഖവും നിമിത്തം ഞങ്ങൾ വഴിതെറ്റിപ്പോകയും, അങ്ങനെ, നിന്റെ സ്നേഹത്താൽ ഞങ്ങളുടെ അന്ധമനസുകളെ മോഹിപ്പിച്ചു, ഒരു നിമിഷത്തേക്ക് നശിപ്പിക്കുന്നസന്തോഷത്തിനായി, ആത്മാക്കളെ വിറ്റു, ദൈവത്തെ മറന്ന്, നിത്യസന്തോഷത്തിന്റെ പ്രത്യാശയെ അവഗണിച്ച്, ഞങ്ങളുടെ കർത്താ

വിനെ വീണ്ടും ക്രൂശിച്ചു.[31]

ബാബിലോൻ *നിങ്ങളുടെ* ബലഹീനതകൾ അറിയുന്നുവെന്നും, സമയം വരുമ്പോൾ അവൻ അവ വെളിപ്പെടുത്തുമെന്നും മറക്കരുത് (യാക്കോബ് 1:14).

വഴിതെറ്റിക്കൽ ഒഴിവാക്കുവാൻ, പരീക്ഷണം പരീക്ഷിക്കുമെന്നും, പാപം താൽക്കാലികമായി സന്തോഷിപ്പിക്കുമെന്നും, വിലക്കപ്പെട്ടതു ആകർഷണീയമായി തോന്നുമെന്നും നാം അറിയണം. അപ്പൊസ്തലൻ ബാബിലോനെ കണ്ടപ്പോൾ, "അത്യന്തം ആശ്ചര്യപ്പെട്ടുവെങ്കിൽ" (വെളിപ്പാട് 17:6; എൻഎൽടി),[32] നിങ്ങളും ഞാനും സ്തംഭിച്ചുപോകുവാനാണ് സാധ്യത. അവൾ മന്ത്രിക്കുമ്പോൾ, "മോഷ്ടിച്ച വെള്ളം മധുരവും ഒളിച്ചുതിന്നുന്ന അപ്പം രുചികരവുമാകുന്നു" (സദൃശവാക്യങ്ങൾ 9:17) എന്നു തോന്നുന്നതു നിമിത്തം മടിക്കാതെ വഴിപ്പെടും. നാം "ഓടുകയാണ്" ചെയ്യേണ്ടത് (2 തിമൊഥെയൊസ് 2:22) പണ്ട് യോസേഫ് ചെയ്തതുപോലെ (ഉൽപത്തി 39:12).

### അവളുടെ തരംതാഴ്ത്തലിനെ സംശയിക്കരുത് (17:1, 4-6)

അവളുടെ വഴിപിഴപ്പിക്കൽ ഒഴിവാക്കുവാൻ നമ്മുടെ നോട്ടം ഉപരിതലത്തിൽനിന്ന് വെട്ടിത്തിളങ്ങുന്ന അടിയിലെ യാഥാർത്ഥ്യത്തിലേക്ക് തിരിക്കുവാൻ ശീലിക്കണം.

#### ഹീനമായ

ബാബിലോന്റെ അടിത്തട്ടിൽ "ഒരു വലിയ വേശ്യ" അല്ലാതെ മറ്റൊന്നുമില്ലായിരുന്നു (വാ. 1; കെജെവി). അവളുടെ രൂപത്തെ മൈക്കിൾ വിൽക്കോക് ഇങ്ങനെ പറഞ്ഞു:

> ... പരസംഗം, പരസംഗം, പരസംഗം എന്നാണ് ബാബിലോനിനു ചുറ്റും എഴുതിയിരുന്നത്. നമുക്ക് പരിചയമുള്ളത് ആ വാക്കിന്റെ മൂലഗ്രീക്ക് വാക്കായ *പോൺ* ആണ്; യോഹന്നാൻ അത് അഞ്ചു പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു,[33] അത് ഇഷ്ടപ്പെടുന്നതായിട്ടല്ല, പിന്നെയോ അരുചിയാൽ തുപ്പിക്കളയുന്നതായിട്ടാണ് പറഞ്ഞിരിക്കുന്നത്.[34]

പുരാതന റോമിലെ ഒരു പരിഷ്ക്കാരമായിരുന്നു തലയിൽകെട്ട്, റോമിലെ വേശ്യമാർ അവരുടെ തലക്കെട്ടിൽ പരസ്യം ചെയ്യുമായിരുന്നു. അവളുടെ നെറ്റിയിൽ അവളുടെ നാമം എഴുതിയിരുന്നു:[35] "**മർമ്മം: മഹതിയാം ബാബിലോൻ, വേശ്യമാരുടേയും മ്ലേഛതകളുടേയും മാതാവ് എന്നൊരു പേർ അവളുടെ നെറ്റിയിൽ എഴുതിയിരുന്നു**"[36] (വാ. 5). (അവൾ വേശ്യയായിരുന്നതിനുപുറമേ, അവളുടെ പെൺമക്കളെ വ്യഭിചാരം ചെയ്യുവാൻ ശീലിപ്പിക്കയും ചെയ്തിരുന്നു.)

അടുത്ത കാലത്തായി പരിഗണിക്കത്തക്ക പരിശ്രമങ്ങൾ നടന്നിട്ടുണ്ട് - നാടകങ്ങൾ, പുസ്തകങ്ങൾ, സിനിമകൾ, ടെലിവിഷൻ പ്രോഗാം തുടങ്ങിയവ മുഖേന - വ്യഭിചാരിണിയെ അനുകൂലമാക്കുന്ന വിധത്തിലാണത് ചെയ്യുന്നത്.[37] എന്നിരുന്നാലും, അതിനെ കുറിച്ച് ബൈബിൾ സംബന്ധമായ കാഴ്ച്ചപ്പാട് എല്ലായ്പോഴും ഒരുപോലെയാണ്: വ്യഭിചാരം പാപമാണ് - മാനസാന്തരപ്പെട്ട് തിരിഞ്ഞില്ലെങ്കിൽ, ആത്മാവിനെ നഷ്ടപ്പെടുത്തുന്ന പാപമാണത്.[38]

ബാബിലോന്റെ വേശ്യാവൃത്തിയിൽ തീർച്ചയായും, ലൈംഗിക വ്യഭിചാരവും ഉൾപ്പെട്ടിരുന്നു, എന്നാൽ അതിൽ മാത്രം ഒതുങ്ങിയിരുന്നില്ല.[39] അധികാരവും ആഡംബരവുമാകുമ്പോൾ ചോദ്യം ചെയ്യാൻ പറ്റാത്ത വിധത്തിൽ *എല്ലാ*വരും മഹാവേശ്യയുടെ "വേശ്യാവൃത്തി"[40]എന്ന കുറ്റമുള്ളവരാകുന്നു."[41] പഴയനിയമത്തിൽ, ലോകത്തിലേക്ക് വിൽക്കപ്പെട്ട ഏതൊരാളെയും അല്ലെങ്കിൽ എല്ലാവരേയും "വ്യഭിചാരി" എന്നാണ് വിളിച്ചിരുന്നത്: നിനവേ പട്ടണം പരസംഗത്തിന് വിധേയപ്പെട്ടിരുന്നു (നാഹും 3:4).[42] സോർ വ്യവസായ വേശ്യാവൃത്തിയിലായിരുന്നു (യെശയ്യാവ് 23:8, 17). ബാബിലോൻ സുഖഭോഗത്തിന്റെ രാജ്ഞിയായിരുന്നു (യെശയ്യാവ് 47:5). മതപരമായ പരസംഗ കുറ്റമായിരുന്നു യെരുശലേമിനുണ്ടായിരുന്നത് (യെശയ്യാവ് 1:21; യിരെമ്യാവ് 2:20; യെഹസ്കേൽ 16:15, 23–29; ഹോശേയാ 9:1) നാം ലോകത്തിലെ ദൈവങ്ങൾക്കായി, കർത്താവിനെ വിട്ടുകളയുമ്പോൾ: നാം ദൈവകല്പന ലംഘിക്കുന്നതോടൊപ്പം, അവന്റെ ഹൃദയത്തേയും വേദനിപ്പിക്കുന്നു.

അദ്ധ്യായം 19 ലേയും 21 ലേയും മണവാട്ടി അദ്ധ്യായം 17 ലെ വേശ്യയുമായി വ്യത്യാസമുണ്ട്:[43] വേശ്യ അണിഞ്ഞിരുന്ന വസ്ത്രം ധനികമായിരുന്നു; മണവാട്ടി ധരിച്ചിരുന്നത് നീതിയായിരുന്നു. വേശ്യ മോഹത്താലായിരുന്നു ഉത്തേജിപ്പിച്ചിരുന്നത്; മണവാട്ടി സ്നേഹത്താലായിരുന്നു. വേശ്യ കരാറിന്റെ അടിസ്ഥാനത്തിലായിരുന്നു ലൈംഗികമായി പ്രവർത്തിച്ചത്; മണവാട്ടി സമർപ്പണം നിമിത്തമായിരുന്നു സ്നേഹിച്ചത്. വേശ്യ സ്വയ-കേന്ദ്രീകൃതയായിരുന്നു; മണവാട്ടിയോ തന്റെ മണവാളനെ (യേശു) കുറിച്ച് വിചാരപ്പെടുന്നവളായിരുന്നു.[44] രണ്ടിനും സ്വഭാവത്തിലും, സ്ഥാനത്തിലും, അന്തിമസ്ഥാനത്തിലും വ്യത്യാസമുണ്ട്.

ബാബിലോൻ വാസ്തവത്തിൽ ആരാണെന്ന് അവളുടെ മുഖംമൂടി നീക്കി വെളിപ്പെടുത്തുന്നതാണ് രണ്ട് വാക്യങ്ങൾ. വാക്യം 4 പറയുന്നത് അവൾ ജ്വലിപ്പിക്കുന്ന മദ്യം നിറച്ച സ്വർണ്ണപാനപാത്രം പിടിച്ചിരിക്കുന്നതായിട്ടാണ്. അടുത്തുനോക്കിയാൽ, അതിൽ നിറയെ അവളുടെ "മ്ലേഛതയും ദുർന്നടപ്പിന്റെ അശുദ്ധിയുമാണെന്ന് കാണാം." വേശ്യ നൽകുന്നത് തമാശയാണ്, പക്ഷെ അവൾ വിതരണം ചെയ്യുന്നത് അഴുക്ക് ആണ്.

അവളുടെ സ്വഭാവത്തെ വാക്യം 6 ലെ പ്രസ്താവനയിൽ വെളിപ്പെടുത്തുന്നു: "വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു സ്ത്രീ മത്തയായിരിക്കുന്നത് ഞാൻ കണ്ടു" (വാ. 6). "വിശുദ്ധന്മാരും" "യേശുവിന്റെ സാക്ഷികളും"[45] അവളുടെ വശീകരണത്തെ പ്രതിരോധിച്ചത് അവളെ കോപിഷ്ഠയാക്കി. അവളുടെ "വശീകരണം" സ്വീകരിക്കാത്തവരെ ഉപദ്രവിച്ച് കൊല്ലുന്നതിൽ സന്തോഷം കണ്ടെത്തി.

മുത്തച്ഛി പറയാറുണ്ട്, " ' മനോഹരമായത് ചെയ്താൽ', 'മനോഹരമായിരിക്കും.' " മഹാവേശ്യ പുറമേ കാണുവാൻ ഭംഗിയുണ്ടായിരുന്നു, അവളുടെ പ്രവൃത്തികൾ അവളെ വിരൂപയാക്കി.

**നഗരം**

കൈസർമാരുടെ റോമിന് ചേരുന്ന പ്രയോഗമായിരുന്നു "വിരൂപ." മറയില്ലാതെ[46] തുറന്നു നീചത്വം പ്രവർത്തിക്കുന്നവളായിരുന്നു റോം എന്ന് അവളുടെ തന്നെ ചരിത്രകാരന്മാർ പറഞ്ഞിരിക്കുന്നു. "ലോകത്തിലെ സകല ഭീകരവും ലജ്ജാകരവുമായ പ്രവൃത്തികളുടെ ഈറ്റില്ലമായിരുന്നു റോം" എന്ന്

റോമൻ ചരിത്രകാരനായിരുന്ന ടാക്ടികസ് അഭിപ്രായപ്പെട്ടിരുന്നു.[47] തത്വചിന്ത കനായിരുന്ന സെനേക്കാ പറഞ്ഞത് റോം "ഒരു അഴുക്കുചാലാണ്"[48] എന്നത്രെ.

റോമിനെ "മ്ലേഛതകളുടെ മാതാവ്" എന്നാണ് വിളിച്ചിരുന്നത് (എൻഈബി), കാരണം അവളുടെ ഭക്തിവിരുദ്ധമായ സ്വാധീനം ലോകം മുഴുവൻ വ്യാപിപ്പിച്ചിരുന്നു. സ്വെറ്റ് എഴുതി, "എല്ലാ *പോർണോയിയും* [വേശ്യമാർ] പ്രജകളായ അവളുടെ മക്കൾ എല്ലാവരും, അവളുടെ മുല കുടിച്ചവരെല്ലാം അന്ധവിശ്വാസവും ദുരാചാരവുമുള്ളവരായിത്തീർന്നു."[49]

കൂടാതെ, വിശുദ്ധന്മാരെ കൊന്നതിന്റെ ഉത്തരവാദിത്വവും റോമിനായിരുന്നു. നീറോയുടെ അതിക്രമങ്ങൾ അവന്റെ പ്രജകളെ അസ്വസ്ഥരാക്കിയിരുന്നു. ചക്രവർത്തിയെ ആരാധിക്കുവാൻ കൂട്ടാക്കാതിരുന്നവരെ കൊല്ലുന്നതായിരുന്നു ശിക്ഷ.

### സംരക്ഷണം

വീണ്ടും, വേശ്യ റോമിനേക്കാളുപരിയായിരുന്നു; നമുക്ക് നേരിടുന്ന ഏതൊരു പരീക്ഷണത്തേയും അവൾ പ്രതിനിധാനം ചെയ്യുന്നു. ആ പരീക്ഷണങ്ങളാൽ തെറ്റിപ്പോകാതിരിക്കേണ്ടതിന്, അവ വാസ്തവത്തിൽ ആരാണെന്ന് നാം തിരിച്ചറിയണം. വിലക്കപ്പെട്ടവയിൽ അവൾ സന്തോഷം വാഗ്ദാനം ചെയ്യുന്നു, എന്നാൽ "അവളുടെ കാലുകൾ മരണത്തിലേക്കാണ് പോകുന്നത്" (സദൃശവാക്യങ്ങൾ 5:5). ഇല്ലാതാകുന്നതും എന്നേക്കും നിലനിൽക്കുന്നതും തമ്മിലും വശീകരിക്കുന്നതും നന്മയും തമ്മിലും ഉള്ള വ്യത്യാസം എന്തെന്ന് വിവേചന ശക്തിയുള്ള കണ്ണുകൾക്ക് തിരിച്ചറിയുവാൻ കഴിയും. ഒരിക്കൽ വ്യക്തമായി കാണുവാൻ കഴിഞ്ഞാൽ, പരീക്ഷണങ്ങൾ ആകർഷണങ്ങളല്ല, വികർഷണങ്ങളാണെന്ന് മനസിലാകും.

## അവളുടെ നാശം താമസിക്കുകയില്ല (17:1)

മൂന്നാമത്, മഹാവേശ്യയാൽ തെറ്റിപ്പോകാതിരിക്കേണ്ടതിന്ന്, അവളുടെ നാശം തീർച്ചയാണെന്ന് നാം തിരിച്ചറിയണം.

### നാശം

ദർശനത്തിൽ, അവളുടെ സ്ഥാനം അസൂയാവഹമായിരുന്നു, "അവൾ അത് ചെയ്തു തീർക്കുമെന്ന്" തോന്നി - എന്നാൽ ദർശനത്തിന്റെ ഉദ്ദേശം നാം കാണാതെ പോകരുത്. "മഹാവേശ്യയുടെ [*ശിക്ഷാവിധി*] ന്യായവിധിയാണ് കാണിച്ചുകൊടുത്തത്" (17:1). ഒരു പഴഞ്ചൊല്ല് പറയുന്നു, "വലുതാകുന്തോറും, വീഴ്ച്ച കഠിനമായിരിക്കും." ആ പഴഞ്ചൊല്ല് ഗോല്യാത്തിനെ ബാധിക്കുന്നതാണ്. അത് മഹതിയാം ബാബിലോണിനേയും ബാധിക്കുന്നതാണ്.

### റോം

ദർശനം പറയുന്നത്, ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക്, "എങ്കിൽ തന്നെയും റോമിന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു" എന്നു തോന്നിയിരുന്നു. ജെഡബ്ലിയു. റോബർട്ട്സ് പറഞ്ഞു, "സഭ ഭയപ്പെട്ടിരുന്ന - ശക്തമായ നഗരവും റോമാ സാമ്രാജ്യവും നശിപ്പിക്കുവാനിരിക്കുന്നു എന്നതായിരുന്നു യോഹന്നാൻ കാണിച്ചിരുന്നത്."[50]

**പരിഹാരം**

"പാപത്തിന്റെ സുഖഭോഗം" "കടന്നുപോകുന്നതാണ്" എന്ന സന്ദേശമാണ് ഇന്നത്തെ ക്രിസ്ത്യാനികൾക്ക് നൽകുന്നത് (എബ്രായർ 11:25), അവസാനം മരണമാണ് സംഭവിക്കുന്നത് (റോമർ 6:23). ആകയാൽ എല്ലാ ദൈവമക്കളോടും അപ്പൊസ്തലനായിരുന്ന യോഹന്നാൻ അപേക്ഷിക്കുന്നത്,

> ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്, ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ, അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഢമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിൽനിന്നുള്ളതെല്ലാം പിതാവിൽനിന്നല്ല. ലോകത്തിൽനിന്നത്രെ ആകുന്നു. *ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു*, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു (1 യോഹന്നാൻ 2:15-17; എംഫസിസ് മൈൻ).

**ഉപസംഹാരം**

മഹാവേശ്യയാൽ തെറ്റിപ്പോകാതിരിക്കേണ്ടതിന്ന് വെറെയും നിർദ്ദേശങ്ങൾ നൽകുവാൻ കഴിയും, ഉദാഹരണമായി, "ലോകത്തിന്റെ പ്രതാപത്തിൽ കുടുങ്ങിപ്പോകാതിരിക്കേണ്ടതിന്, നിങ്ങൾ യേശുക്രിസ്തുവിൽ ശ്രദ്ധിക്കുക" ഒരുനിമിഷം, നമുക്ക്, വേദഭാഗത്തിലെ മൂന്ന് മാർഗരേഖകൾ നോക്കാം: (1 പാപത്തിന്റെ സുഖഭോഗത്തെ കുറച്ചു കാണരുത്; അവ പരീക്ഷിക്കും. (2) പാപത്തിന്റെ യഥാർത്ഥ സ്വഭാവത്തെ നാം കാണാതിരിക്കരുത്; അത് തരംതാഴ്ത്തും. (3) ലോകത്തെ സ്നേഹിക്കരുത്; അത് ഒഴിഞ്ഞുപോകും.

ജഢത്തിന്റെ ബലഹീനത പൗലൊസിന് അറിയാമായിരുന്നു (റോമർ 7:14, 15). അവന് നിരന്തരമായി തന്റെ ശരീരത്തെ ദണ്ഡിപ്പിക്കേണ്ടിയിരുന്നു - മറ്റുള്ളവരോട് പ്രസംഗിച്ചിട്ട്, താൻ കൊള്ളരുതാത്തവനാകാതിരിക്കുവാൻ - ശരീരത്തെ നിയന്ത്രിക്കുമായിരുന്നു (1 കൊരിന്ത്യർ 9:27). പൗലൊസിന് ജഢികപോരാട്ടം അനുഭവപ്പെട്ടുവെങ്കിൽ, നമുക്ക് എത്ര അധികം അനുഭവപ്പെടും!

മദ്ധ്യകാലഘട്ടത്തിൽ, സ്പാനിഷ് ജിജ്ഞാസുക്കൾ ദണ്ഡിപ്പിക്കുന്നതിന് "ദ വെർജിൻ" എന്ന ഉപകരണം ഉപയോഗിച്ചിരുന്നു. മനോഹരമായ വസ്ത്രം ധരിച്ച സുന്ദരിയായ സ്ത്രീയുടെ രൂപമായിരുന്നു അതിനുണ്ടായിരുന്നത്. ആകർഷണീയമമായ പുഞ്ചിരി അവളുടെ മുഖത്ത് കാണാം, അവളുടെ കൈകൾ ക്ഷണിക്കുന്ന വിധത്തിൽ നീട്ടിയിരുന്നു ഇര "വെർജിനെ ചുംബിക്കുവാൻ" വെമ്പൽ കൊള്ളും. പിന്നെ അവളുടെ കൈകളാൽ മാരകമായി കെട്ടിപ്പിടിക്കും. പിന്നെ അവൾ അവനിലേക്ക് നൂറുകണക്കിന് കത്തികൾ കുത്തിയിറക്കും.[51] അതുപോലെ, ബാബിലോൻ തന്റെ മനോഹരമായ മുഖത്താൽ പലരേയും വിലക്കപ്പെട്ടവ ആസ്വദിക്കുവാനായി ക്ഷണിക്കും. എങ്ങനെയായാലും, അവസാനം, അവരെ എല്ലാവിധത്തിലും ദുഃഖിപ്പിച്ച് നരകത്തിലേക്ക് അയക്കും (റോമർ 6:23). അവൾ കണ്ണു കാണിക്കുമ്പോൾ, ഓടിച്ചെല്ലുന്നു! (1 കൊരിന്ത്യർ 6:18; 10:14; 1 തിമൊഥെയൊസ് 6:11; 2 തിമൊഥെയൊസ് 2:22).[52]

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

ഈ പുസ്തകത്തിൽ "രണ്ട് മൃഗങ്ങൾ (സർപ്പത്തിന്റെ സഖ്യങ്ങൾ)"

എന്ന ഒരു ചാർട്ട് കാണാം. സർപ്പത്തിന്റെ മൂന്നാമത്തെ സഖ്യകക്ഷിയായി ബാബിലോനെ നിങ്ങൾക്ക് വേണമെങ്കിൽ ചേർക്കാവുന്നതാണ്: ഒന്നാമത്തെ കോളത്തിൽ, നിങ്ങൾക്ക് "മഹാവേശ്യയായ **മഹതിയാം ബാബിലോൻ** എന്ന് ഇടാം." രണ്ടാമത്തെ കോളത്തിൽ, നിങ്ങൾക്ക്, "**പരീക്ഷണവും വശീകരണവും**", ("ക്രിസ്ത്യാനിക്കെ-തിരായ ജീവിതരീതി"). മൂന്നാമത്തെ കോളത്തിൽ നിങ്ങൾക്ക് ഈ വാക്കുകൾ ഇടാം: "**റോമാനഗരം** അതിന്റെ ലൗകിക ആഹ്വാനവുമായി" അവസാനത്തെ കോളത്തിൽ, "**വഴിപിഴപ്പിക്കൽ**: ജഢത്തിന്റെ വശീകരണത്തോടുകൂടി."

ഈ പാഠത്തിന് ഉപയോഗിക്കാവുന്ന മറ്റു തലവാചകങ്ങൾ: "മഹതിയാം ബാബിലോൻ വീണുപോയി"; "പരീക്ഷണം മൂർത്തീകരിച്ചിരിക്കുന്നു"; അല്ലെങ്കിൽ "ദുഷ്ടതയുടെ മുഖപ്പ്," വില്യം ബാർക്ലേ ഇട്ട തലവാചകം "വേശ്യയായി ത്തീർന്ന ഒരു നഗരം" എന്നാണ്, മറ്റൊരു സാധ്യത (ബീസ്ലേ-മുറേയിൽനിന്നെടുത്തത്) "മഹാ വേശ്യയുടെ വാഴ്ച്ചയും വീഴ്ച്ചയും." നിങ്ങൾക്ക് വിചിത്രമായ തലക്കെട്ട് ഇഷ്ടമാണെങ്കിൽ, ഇതാ ഒന്ന്: "എല്ലാ തെറ്റായ സ്ഥാനങ്ങളിലും സ്നേഹം അന്വേഷിക്കൽ."

---

കുറിപ്പുകൾ

[1]നിങ്ങൾ ആയിരിക്കുന്ന സ്ഥലത്ത് ഞാൻ പറഞ്ഞ ടെലിവിഷൻ ചിത്രീകരണം യോജിക്കുന്നതല്ലെങ്കിൽ, ഒരു ആപത്തിനെ കുറിച്ചുള്ള വാർത്തയുമായി ഒരു ഗ്രാമത്തിലേക്ക് ഓടിവരുന്ന മൂന്നുപേരെ ചിത്രീകരിക്കാം. ഓരോരുത്തൻ ഒരാൾക്ക് പുറകിൽ മറ്റെയാൾ എന്ന കണക്കിനാണ് വരുന്നത്: ആദ്യത്തെ ആൾക്ക് അപകടം നടന്നു എന്നു മാത്രം അറിയാം. രണ്ടാമത്തെ ആൾക്ക് കുറച്ച് വസ്തുതകൾ മാത്രം അറിയാം. മൂന്നാമത്തെ ആൾക്ക് വിശദമായി എല്ലാ വസ്തുതകളും പറയാൻ കഴിയുന്നു. [2]ഈ പുസ്തകത്തിൽ ആദ്യം വന്ന "നോക്കുക, ശ്രദ്ധിക്കുക, പഠിക്കുക," എന്ന പാഠം നോക്കുക. പ്രത്യേകിച്ച് ഈ പുസ്തകത്തിൽ തന്നെയുള്ള "രണ്ട് മൃഗങ്ങൾ (സർപ്പത്തിന്റെ സഖ്യകക്ഷികൾ). [3]ഈ പുസ്തകത്തിൽ നേരത്തെ വന്ന "മഹാ വഞ്ചകൻ" എന്ന പാഠം നോക്കുക. വീണ്ടും "രണ്ട് മൃഗങ്ങൾ" (സർപ്പത്തിന്റെ സഖ്യകക്ഷികൾ) നോക്കുക. [4]ഈ പാഠം നിങ്ങൾ ഒരു ക്ലാസിനോ പ്രസംഗത്തിനോ ആണ് ഉപയോഗിക്കുന്നതെങ്കിൽ, നിങ്ങളുടെ സ്ഥലത്തുള്ള ഏറ്റവും സുന്ദരിയായ സ്ത്രീയെയും സ്ത്രീകളായ സദസ്യർക്ക് വേണ്ടി ഏറ്റവും സന്ദരനായ പുരുഷനേയും നിങ്ങൾക്ക് പറയാവുന്നതാണ്. ബാബിലോനെ ഒരു *സ്ത്രീ* ആയി ഉപമിച്ചിരിക്കുന്നതിനാലാണ് ഞാൻ ഒരു സ്ത്രീയെ പറഞ്ഞത്. [5]ബാബിലോനെ ബാധിച്ചത് ഏഴാമത്തെ കലശം ഒഴിച്ചപ്പോഴായിരിക്കാം (16:17-19) - പക്ഷെ അത് പ്രധാന വിശദീകരണമല്ല. 21:9-ൽ ക്രിസ്തുവിന്റെ മണവാട്ടിയായി മറ്റൊരു സ്ത്രീയെ പറഞ്ഞപ്പോൾ, ഒരേ ഭാഷ ഉപയോഗിച്ചിരിക്കുന്നു എന്നതാണ് പ്രധാനം. ആ രണ്ട് സ്ത്രീകൾ തമ്മിൽ സ്പഷ്ടമായ വ്യത്യാസം നമുക്ക് കാണാം. കൂടുതൽ നമുക്ക് പിന്നീട് കാണാം. [6]പഴയനിയമത്തിൽ യൂഫ്രേത്തിലുള്ള ബാബിലോനെ കുറിച്ചു പറഞ്ഞ അതേ ഭാവനയാണ് ഇവിടത്തെ ബാബിലോനെ കുറിച്ച് പറഞ്ഞതിലധികവും. ഉദാഹരണമായി, വാക്യം 1 യിരെമ്യാവ് 51:13 മായി താരതമ്യം ചെയ്യുക. [7]സമൃദ്ധമായ വെള്ളത്തിനരികെ ആയിരുന്നില്ല റോം എന്നതുകൊണ്ട്, വേശ്യ എന്ന് പറഞ്ഞത് റോമാ നഗരം അല്ല എന്ന് ചില എഴുത്തുകാർ പറഞ്ഞിരിക്കുന്നു. എങ്ങനെയായാലും, വാക്യം 15 നമ്മോട് പറയുന്നത്, പരിശുദ്ധാത്മാവ് ഉദ്ദേശിച്ചത് അക്ഷരിക വെള്ളം ആയിരുന്നില്ല, മറിച്ച് *ആളുകളെ* ആയിരുന്നു.

[8]അതേ ലിസ്റ്റ് മുൻപും പറഞ്ഞിട്ടുണ്ട്: 5:9; 7:9; 10:11; 11:9; 13:7; 14:6. എല്ലാ ആളുകളും ഉൾപ്പെട്ടിരിക്കുന്നു എന്നാണ് ആ *നാല്* വാക്കുകൾ സ്ഥിരീകരിക്കുന്നത്. ("നാല്" മനുഷ്യന്റെ സംഖ്യയാണ്.) "ആളുകൾ," "ഭാഷകൾ" തുടങ്ങിയ വാക്കുകളുടെ വിശദീകരണത്തിന്, *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കുഞ്ഞാടാണ് യോഗ്യൻ" എന്ന പാഠം നോക്കുക. [9]പഴയനിയമത്തിലെ സോർ പട്ടണത്തെ ബാബിലോനെ കുറിച്ച് വിവരിച്ചിരിക്കുന്നതുമായി താരതമ്യം ചെയ്യുക (യെശയ്യാവ് 23:15-17). [10]സാധ്യമായ സ്ഥലങ്ങളിലെല്ലാം പ്രാദേശിക നേതൃത്വത്തെ ആക്കുക എന്നതായിരുന്നു റോമിന്റെ നയം. തീർച്ചയായും അവർ റോമൻ അധികാരികൾക്ക് കീഴ്പ്പെട്ട് ഭരിച്ചില്ലെങ്കിൽ അവരെ നീക്കം ചെയ്യുവാനും മടിച്ചിരുന്നില്ല. അത്തരത്തിലുള്ള വാഴ്ച്ചക്കു ഉദാഹരണമായിരുന്നു ഹെരോദാവ്മാരുടെ ഭരണം.

[11]യിരെമ്യാവ് 51:7 മായി താരതമ്യം ചെയ്യുക. [12]"ആത്മാവിൽ" എന്നതിന്റെ അർത്ഥം എന്തായാലും (അടുത്ത കുറിപ്പ് നോക്കുക) ദൂതൻ യോഹന്നാനെ ശരീരത്തോടുകൂടെ എടുത്തുകൊണ്ടു പോയി എന്ന് അതിന് അർത്ഥമില്ല. വിചാരത്തിൽ അവനെ താഴെ പറയുന്ന രംഗത്തിലേക്ക് "എത്തിച്ചു" എന്നർത്ഥം. [13]മൂലഗ്രന്ഥത്തിൽ "ആത്മാവിൽ" എന്നു മാത്രമാണുള്ളത്. ഡെഫനിറ്റ് ആർട്ടിക്കിൾ ("ദ") ഉപയോഗിക്കുകയോ "സ്പിരിറ്റ്" എന്നതിന്റെ "എസ്" വലിയ അക്ഷരത്തിൽ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. (*വെളിപ്പാട്, 3* എന്ന പുസ്തകത്തിലുള്ള "ഒരു വലിയ സന്ദേശമുള്ള ചെറിയ പുസ്തകം" എന്ന പാഠത്തിലെ 10:7 ന്റെ കുറിപ്പ് നോക്കുക.) അതേ പ്രയോഗം 4:2 ലും 21:10 ലും കാണാം. [14]അവിടെ വേശ്യയുണ്ടായിരുന്നതുകൊണ്ടാണ് യോഹന്നാനെ അവിടേക്ക് കൊണ്ടുപോയതെന്നാണ് പല എഴുത്തുകാരും വിശ്വസിക്കുന്നത്. അതിനു സാധ്യതയുണ്ട്, പക്ഷെ ഇവിടെയുള്ള "മരുഭൂമി" എന്നതിന് വ്യത്യസ്തമായ അർത്ഥമായിരിക്കാം ഉള്ളത്. [15]വാക്യം 1-ൽ സ്ത്രീ "പെരുവെള്ളത്തിന്മീതെ ഇരിക്കുന്നതും" വാക്യം 3-ൽ അവൾ "കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഇരുക്കുന്നു" എന്നും പറഞ്ഞിരിക്കുന്നതിനെ കുറിച്ച് വിചാരപ്പെടേണ്ട. മനുഷ്യരോടുള്ള ബന്ധത്തിൽ അവൾ പെരുവെള്ളത്തിന്മീതെ ഇരിക്കുകയും, സാമ്രാജ്യത്തോടുള്ള ബന്ധത്തിൽ അവൾ മൃഗത്തിന്മേൽ ഇരിക്കുന്നു. ദർശനത്തിൽ, ഭാവന മാറിക്കൊണ്ടിരിക്കും; (വാ. 9-ൽ സ്ത്രീ മൃഗത്തിന്റെ *തലകളിൽ* ഇരിക്കുന്നതായി പറയുന്നു, അത് അസ്വാഭാവികമായി തോന്നാം - പക്ഷെ നാം അത് അക്ഷരികമായി എടുക്കരുത്). [16]ചിലർ വിചാരിക്കുന്നത് അത് സർപ്പമാണെന്നാണ് (അതിനും ഏഴ് തലകളും പത്തു കൊമ്പുകളും ഉണ്ടായിരുന്നു); എന്നാൽ നാം വേദഭാഗത്തിൽ മുൻപോട്ട് പോകുമ്പോൾ അത് മൃഗത്തിനാണ് (റോമാ സാമ്രാജ്യത്വം) കൂടുതൽ യോജിക്കുന്നത് എന്ന് കാണാം. [17]ഏഴ് തലകളുടേയും പത്ത് കൊമ്പുകളുടേയും പൊതുവായ ആലങ്കാരിക പ്രാധാന്യത്തിന്, ഈ പുസ്തകത്തിൽ നേരത്തെ വന്ന "നോക്കുക, ശ്രദ്ധിക്കുക, പഠിക്കുക" എന്ന പാഠം നോക്കുക. ഈ ഘടനകളുടെ പ്രത്യേക പ്രാധാന്യം അദ്ധ്യായം 17-ൽ വരുന്നുണ്ട്. അടുത്ത പാഠം നോക്കുക. [18]"റെഡ്" എന്നതിന് 12:3-ൽ ഉപയോഗിച്ച ഗ്രീക്ക് വാക്കല്ല, 17:3-ൽ "സ്കാർലെറ്റ്" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക്. സന്ദർഭത്തിൽ, അവ പര്യായങ്ങളായി കണക്കാക്കാം. ചുവന്ന നിറത്തിന്റെ ആലങ്കാരിക പ്രാധാന്യത്തിന്, *വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "നിങ്ങളുടെ ശത്രുവിനെ അറിയുക" എന്ന പാഠം നോക്കുക. [19]നാം അദ്ധ്യായം 13 പഠിച്ചപ്പോൾ, "ദൂഷണനാമങ്ങൾ" ചക്രവർത്തിമാർ ദൈവനാമങ്ങളെ ദുരുപയോഗം ചെയ്തതാകാമെന്ന് നാം പറയുകയുണ്ടായി. ഇപ്പോൾ മൃഗം "ദൂഷണനാമങ്ങൾ നിറഞ്ഞിരിക്കുന്നു" എന്ന വസ്തുത സൂചിപ്പിക്കുന്നത് ആ ദൂഷണം സാമ്രാജ്യം മുഴുവൻ വ്യാപിച്ചിരിക്കുന്നു എന്നാണ്. [20]ഒരു നിമിഷത്തേക്ക് ബാബിലോന്

നിയന്ത്രണമുണ്ടായിരുന്നു, എന്നാൽ പിന്നീട്, അവളിൽ മൃഗം ആധിപത്യം നടത്തും.

[21]വെളിപ്പാടിനാലല്ലാതെ അറിയാൻ സാധ്യമല്ലാത്തതിനെയാണ് പുതിയനിയമത്തിൽ "മർമ്മം" എന്നു പറഞ്ഞിരിക്കുന്നത്. (*വെളിപ്പാട്, 3* എന്ന പുസ്തകത്തിൽ ഉള്ള "വലിയ സന്ദേശമുള്ള ചെറിയ പുസ്തകം" എന്ന പാഠത്തിലെ 10:7 ലെ കുറിപ്പുകൾ നോക്കുക.) 17:5 ലെ "മർമ്മം" എന്നത് ഒന്നുകിൽ, താഴെ പറയുന്ന പേരുകളോ അല്ലെങ്കിൽ അതിന്റെ ഭാഗമോ ആകാം. കെജെവിയിൽ അത് പേരിന്റെ ഭാഗമാണ്, എൻഏഎസ്ബിയിൽ, അത് പേരിനായി ഉപയോഗിച്ചിരിക്കുന്നു. ഏതുവിധത്തിലായാലും വേശ്യയുടെ പേർ അക്ഷരികമായി എടുക്കാതെ ആലങ്കാരികമായി മാത്രം എടുക്കുക. [22]ധൂമ്രവസ്ത്രത്തെ കുറിച്ച് അറിയുവാൻ ലൂക്കൊസ് 16:19 നോക്കുക, യേശുവിനെ *പരിഹസിച്ച്* അവന്റെമേൽ ഇട്ട വസ്ത്രം ചുവപ്പുനിറമായിരുന്നു എന്ന് ഒരു വിവരണം പറയുന്നു (മത്തായി 27:28, 29). ധൂമ്ര വസ്ത്രവും ചവപ്പു വസ്ത്രവും വില കൂടുവാൻ കാരണം അവയുടെ ഡൈയ്യുടെ വിലയാണ്. [23]ഈ പുസ്തകത്തിൽ നേരത്തെ വന്ന "ആകാശമദ്ധ്യേ-യുള്ള പ്രസംഗപീഠം" എന്ന പാഠത്തിലെ 14:18 ന്റെ കുറിപ്പുകൾ നോക്കുക. [24]മെറിൽ സി. ടെനി, *പ്രൊക്ലെയിമിങ്ങ് ദ ന്യൂടെസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റെവലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 92. [25]റോബർട്ട്സ് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ*: ദ ന്യൂടെസ്റ്റമെന്റ് കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 273. [26]ജെയിംസ് എം. എഫേർഡ്, *റെവലേഷൻ ഫോർ ടുഡേ* (നാഷ്വിലേ: അബിങ്ങ്ടൺ പ്രസ്, 1989), 103. [27]ഹെന്റി ബി. സ്വെറ്റ്, *ദ അപോകാലിപ്സ് ഓഫ് സെന്റ്, ജോൺ* (കെയിംബ്രിഡ്ജ് മാക്മില്ലൻ കമ്പനി., 1908; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി.), 220. കാപിടോലൈൻ, ക്വിറീനൽ, അവെൻടൈൻ, എസ്ക്വിലൈൻ, വിമിനൽ, സീലിയൻ എന്നിവ പാലസ്തീനിലെ മലകളാണ്. [28]ഹോമർ ഹെയ്ലി, *റെവലേഷൻ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 350. ലോകത്തിൽ മറ്റു പട്ടണങ്ങളും ഏഴ് മലകളിന്മേൽ പണിതിട്ടുണ്ട് എന്ന് പറയപ്പെട്ടിട്ടുണ്ട്. അങ്ങനെയാണെങ്കിലും, വെളിപ്പാട് 17 ലെ എല്ലാ വിശദീകരണവും "യോജിക്കുന്നതാണ്" ഏഴ് മലകളുടെ മേൽ പണിത റോമാ നഗരം. കുറെ വ്യാഖ്യാതാക്കൾ ഉദ്ധരിച്ചിരിക്കുന്നത് പല പ്രത്യേകതയും ഉള്ള വിധത്തിലാണ്. [29]ബ്രൂസ് എം. മെറ്റ്സ്ജർ, *ബ്രേക്കിങ്ങ് ദ കോഡ്: അണ്ടർസ്റ്റാൻഡിങ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷ്വിലേ: അബിങ്ങ്ടൺ പ്രസ്, 1993), 85. തന്റെ ഭർത്താവിനോട് (ദൈവം) വിശ്വസ്തതയില്ലാത്ത വേശ്യയായിരുന്നു മഹതിയാം ബാബിലോൻ. അദ്ധ്യായം 17 മുതൽ 19 വരെ അവളെ മതപരമായ ഒരു പാത്രമായിട്ടല്ല പറയുന്നത്, പിന്നെയോ, വ്യാവസായികവും രാഷ്ട്രീയവുമായ വസ്തുവായിട്ടാണ്. മതമില്ലാത്തവരുടെ "മതം" ആയിരുന്നു അവൾ: പ്രസിദ്ധിയെയും ഭാഗ്യത്തെയും ആരാധിച്ചു. [30]ഫ്രാങ്ക് പാക്ക്, *റെവലേഷൻ,* പാർട്ട്, 2. ദ ലിവിങ്ങ് വേർഡ് സീരീസ് (ആസ്റ്റിൻ, ടെക്സ്: ആർ. ബി. സ്വെറ്റ് കമ്പനി., 1965), 16. തലമുറകൾക്ക് മുൻപ് പ്രചാരത്തിലിരുന്നത്, "മഹതിയാം ബാബിലോൻ" പ്രതിനിധീകരിക്കുന്നത് റോമൻ കത്തോലിക്കാ സഭ ആണെന്നായിരുന്നു. ദൈവവഴിയിൽനിന്നു നമ്മെ "തെറ്റിക്കുന്ന" ഒന്നാണ് അത് എന്നു പറയുവാൻ എനിക്ക് മടിയില്ല. എങ്ങനെയായാലും, എനിക്ക് തോന്നുന്നത്, കത്തോലിക്കാ സഭ കൂടുതൽ ചേരുന്നത് കള്ളപ്രവാചകനോടാണ്. (ഈ പുസ്തകത്തിൽ നേരത്തെ വന്ന "മഹാ വഞ്ചകൻ" എന്ന പാഠം നോക്കുക.) അദ്ധ്യായം 17 മുതൽ 19 വരെ അവളെ മതപരമായ ഒരു പാത്രമായിട്ടല്ല പറയുന്നത്, പിന്നെയോ, വ്യാവസായികവും രാഷ്ട്രീയവുമായ വസ്തു

വായിട്ടാണ്. മതമില്ലാത്തവരുടെ "മതം" ആയിരുന്നു അവൾ: പ്രസിദ്ധിയെയും ഭാഗ്യത്തെയും ആരാധിച്ചു.

[31]ക്ലാരെൻസ് ഈ. മെക്കാർട്ട്നി, *മെക്കാർട്ട്നീസ് ഇല്ലസ്ട്രേഷൻസ്* (ന്യുയോർക്ക്: അബിങ്ടൺ പ്രസ്, 1965), 413-14. [32]മൃഗത്തെ കണ്ടു "വിസ്മയിച്ചു" എന്ന് 13:3-ൽ പറഞ്ഞ വാക്കാണ് 17:6-ൽ "വിസ്മയിച്ചു" (ന്യൂലിവിങ്ങ് ട്രാൻസ്ലേഷൻ) അല്ലെങ്കിൽ ''അത്ഭുതപ്പെട്ടു'' (എൻഏഎസ്ബി) എന്നതിന് ഉപയോഗിച്ചത്. [33]*പോൺൺ* എന്നത് വേരാണ്, "ദുർന്നടപ്പ്" മാത്രമല്ല (എൻഏഎസ്ബിയിൽ തർജ്ജിമ ചെയ്തിരിക്കുന്നത് "ദുർന്നടപ്പ്" എന്നാണ്) "വേശ്യ" എന്നു കൂടെ അർത്ഥമാക്കുന്നു. മൂലഗ്രന്ഥത്തിലെ, 1, 2, 4, 5 എന്നീ വാക്യങ്ങളിൽ *പോൺ* എന്ന് അഞ്ചു പ്രാവശ്യം കാണാം. ചില വെർഷനുകളിൽ "വ്യഭിചാരം" എന്നു തർജ്ജിമ ചെയ്തിട്ടുണ്ട്. പക്ഷെ "വ്യഭിചാരം" എന്നതിന് വേറെ ഗ്രീക്ക് വാക്കാണ്. [34]മൈക്കിൾ വിൽക്കോക്ക്, ഐ സാ ഹെവൻ ഓപ്പെന്റ്: ദ മെസേജ് ഓഫ് റെവലേഷൻ, ദ ബൈബിൾ സ്പീക്സ് ടുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 159. [35]നാമങ്ങൾ (മുദ്രകളും അടയാളങ്ങളും) നെറ്റിയിൽ എഴുതിയതിന്റെ ഉദാഹരണങ്ങൾ പലതുണ്ട് (3:12; 7:3; 9:4; 13:17; 14:1; 22:4). വേശ്യയുടെ നാമം കെട്ടിൽ എഴുതുന്നതിനുപകരം നെറ്റിയിലായിരിക്കുവാനാണ് സാധ്യത. [36]"വിഗ്രഹാരാധന" യുമായി ബന്ധപ്പെട്ടതിനാണ് തിരുവെഴുത്തിൽ പലപ്പോഴും "മ്ലേഛത" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് (ആവർത്തനപുസ്തകം 32:16; 2 രാജാക്കന്മാർ 21:11; യിരെമ്യാവ് 44:22). ചക്രവർത്തിയാരാധനയുടെ മുഖ്യഭാഗമായിരുന്നു വിഗ്രഹാരാധന. [37]"വ്യഭിചാരത്തെ ശുചീകരിക്കുവാൻ" എന്ന വാക്ക് നിങ്ങളുടെ പ്രദേശത്തിന് യോജിക്കുന്നതാണെങ്കിൽ ഉപയോഗിക്കുക. [38]സ്പഷ്ടമായ അനുസരണക്കേട് കാണിക്കുവാനായി തിരുവെഴുത്തിൽ പലപ്പോഴും വേശ്യ എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് (ഉദാഹരണത്തിന്, സദൃശവാക്യങ്ങൾ 5:3-5; 23:27, 28; യിരെമ്യാവ് 5:7, 9; ഹോശേയാ 3:3; 1 കൊരിന്ത്യർ 6:15, 16). ലൈംഗികപാപത്തിനുള്ള പൊതുവായ ശിക്ഷയിൽ വ്യഭിചാരവും ഉൾപ്പെടുന്നു (ഉദാഹരണത്തിന്, ഗലാത്യർ 5:19). വ്യഭിചാര കുറ്റത്തെ സംബന്ധിച്ച് രണ്ട് കാര്യങ്ങൾ ഊന്നി പറയണം: (1) അത് പാപങ്ങളിൽ ഏറ്റവും വലുതാകണമെന്നില്ല (ചിലർ അങ്ങനെ വിചാരിക്കുന്നു. (2) ഒരു വ്യഭിചാരിണി അവളുടെ പാപം വിട്ട് മാനസാന്തരപ്പെട്ട്, ദൈവത്തിലേക്ക് തിരിയുന്നു എങ്കിൽ, അവൾക്ക് പാപമോചനം ലഭിക്കും (1 കൊരിന്ത്യർ 6:9-11; എബ്രായർ 11:31; യാക്കൊബ് 2:25). [39]ക്ഷേത്രാരാധന (ചക്രവർത്തിയാരാധന) യും ലൈംഗികപാപവും ഉൾപ്പെടുന്നു. [40]"ഒരാളുടെ പേരിനെ ദുർവ്വിനിയോഗം ചെയ്യൽ, കഴിവുകളെ, താലന്തുകളെ വിൽക്കൽ" എന്നിവയടക്കമുള്ള പൊതുവായ പലതിനേയും ഉൾപ്പെടുത്തിയാണ് "വ്യഭിചാരം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്.

[41]മൗൺസ്, 307. (എംഫസിസ് മൈൻ.) [42]ഈ വാചകവും അടുത്ത മൂന്നു വാചകവും ഹെയ്ലി, 343 ൽനിന്നും എടുത്തതാണ്. [43]മുമ്പിലുള്ള കുറിപ്പ് 5 നോക്കുക. അദ്ധ്യായം 12 ലെ സഭയുമായി അൽപ സാമ്യമുള്ള സ്ത്രീയുമായി വേശ്യക്ക് അന്തരമുണ്ട്. [44]മറ്റ് അന്തരങ്ങളും ചൂണ്ടിക്കാണിക്കാം: വേശ്യ സുഖഭോഗങ്ങൾ നൽകി, എന്നാൽ മണവാട്ടിയെ ഉപദ്രവിച്ചു. തുടങ്ങിയവ., കൂടാതെ രണ്ടിനേയും *നഗരമായി* പറഞ്ഞിരിക്കുന്നു: ഒന്ന് "പുതിയ" ബാബിലോൻ എന്നും മറ്റേത് "പുതിയ യെരുശലേം" എന്നും (21:2). മണവാട്ടി സഭയുടെ പ്രതീകമായിരുന്നു (പ്രത്യേകിച്ച് സഭയിലെ വിശ്വസ്തരായവർ). [45]രണ്ടിനേയും വേശ്യ കൊന്നതുകൊണ്ട് "വിശുദ്ധന്മാരും" "സാക്ഷികളും" തമ്മിലുള്ള അന്തരം പറയേണ്ട ആവശ്യമില്ല. റോമിനാൽ രക്തസാക്ഷികളായി തീർന്ന എല്ലാ ക്രിസ്ത്യാനികളെയും കാവ്യാത്മകമായി പറയുന്നതാണ് ഇത്. [46]ഈ

വാചകം ഡാനിയേൽ റസലിന്റെ *പ്രീച്ചിങ്ങ് ദ അപോകാലിപിസിൽ* നിന്നെടുത്തതാണ് (ന്യൂയോർക്ക്: അബിങ്ങ്ടൺ പ്രസ്, 1935), 197. [47]ടാക്ടിക്കസ്, 15:44. ക്വോട്ടഡ് ഇൻ മൗൺസ്, 310. കൊർണേലിയസ് ടാക്ടിക്കസ് (ഏ. ഡി. സി. 56–സി. 115) റോമൻ സെനറ്ററും റോമൻ ചരിത്രകാരനുമായിരുന്നു. അയാൾ ഡൊമിഷ്യന്റെ കിരാതവാഴച്ചക്കാലത്ത് ജീവിച്ചിരുന്നു "ഒരു ചക്രവർത്തിനി വേഷപ്രഛന്നയായി പരസ്യമായ വേശ്യാലയത്തിൽ പോയിരുന്നത് വിവരിക്കുന്നത് അവിടം ദർന്നടപ്പിന്റെ മൂർദ്ധന്യാവസ്ഥയിലെത്തി എന്നാണ് സൂചിപ്പിക്കുന്നത്." (ഇബിഡ്.) [48]ക്വോട്ടഡ് ഇൻ വില്യം ബാർക്ലേ. *ദ റെവലേഷൻ ഓഫ് ജോൺ*, വാല്യം, 2, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്ററർ പ്രസ്, 1976), 145. ലൂസിയസ് അന്നായെസ് സെനേക്കാ (സി. 4 ബി. സി–ഏ. ഡി. 65) ഗ്രീക്ക് പാരമ്പര്യത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയിരുന്നു. [49]സ്വെറ്റ്, 217. [50]ജെഡബ്ലിയു. റോബർട്ട്സ്, *ദ റെവലേഷൻ ടു ജോൺ* (ദ അപോകാലിപ്സ്). ദ ലിവിങ്ങ് വേർഡ് കമെന്റെറി സീരീസ് (ആസ്റ്റിൻ, കെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1974), 136.

[51]ഇത് എടുത്തിരിക്കുന്നത്, ഡേവിഡ് എഫ്. ബർഗ്രെസ്, കോമ്പ്. *എൻസൈക്ലോപീഡിയ ഓഫ് സെർമൺ ഇല്ലർസ്ട്രേഷൻസ്* (സെന്റ്, ലൂയിസ്: കൺകോഡിയ പബ്ലിഷിങ്ങ് ഹൗസ്, 1988), 186. [52]ഈ പാഠം ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, വിശ്വാസത്താലും അനുസരണത്താലും സദസ്യർക്ക് എങ്ങനെ ദൈവത്തോട് അടുക്കാമെന്ന് പറയുക.

---

**ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ**

1. സർപ്പത്തിന്റെ മൂന്നു സഖ്യകക്ഷികൾ ആരെല്ലാം. ഏതെല്ലാം മൂന്നു സമീപനങ്ങളിലാണ് (സാത്താൻ നമ്മെ അവന്റെ ഇഷ്ടം ചെയ്യുവാൻ പ്രേരിപ്പിക്കുന്നത്)?
2. മഹാ വേശ്യയാൽ വഴിതെറ്റാതിരിക്കേണ്ടതിന് പാഠത്തിൽ നൽകുന്ന മുന്നു നിർദ്ദേശങ്ങൾ ഏവ. ഒന്നാമത്തേത് ഏതാണ്? "പരീക്ഷണം" വളരെ പരീക്ഷിക്കുന്നതു തന്നെയാണെന്ന് നിങ്ങൾ സമ്മതിക്കുന്നോ?
3. വാക്യം 1 ലെ പെരുവെള്ളം എന്ന വാക്കിന്റെ അർത്ഥം എന്ത്?
4. ചുവപ്പ്നിറമുള്ള മൃഗത്തിന്മേൽ സ്ത്രീ ഇരിക്കുന്നു. പാഠമനുസരിച്ച് യോഹന്നാന്റെ കാലത്ത് മൃഗം എന്തിനെ പ്രതിനിധീകരിക്കുന്നു?
5. വേശ്യയെ "മഹതിയാം ബാബിലോൻ" എന്നു വിളിച്ചിരിക്കുന്നു. ബാബിലോന്റെ ചരിത്രം നിങ്ങൾക്ക് അറിയാവുന്നത് പറയുക. യെഹൂദ മനസിൽ ബാബിലോൻ എന്തിനെയാണ് പ്രതിനിധീകരിക്കുന്നത്?
6. അദ്ധ്യായം 17 ലെ "മഹതിയാം ബാബിലോൻ" എന്തിനെ പ്രതിനിധീകരിക്കുന്നു? ചില സാധ്യതകൾ എന്തെല്ലാം? പാഠമനുസരിച്ച് യോഹന്നാന്റെ കാലത്ത് ബാബിലോൻ എന്തായിരുന്നു?
7. പാഠമനുസരിച്ച്, ഇന്ന്, മഹതിയാം ബാബിലോൻ ലോകത്തിൽ മുഴുവൻ അഭക്തിയുടെ പരീക്ഷണങ്ങളാൽ നിറച്ചിരിക്കുന്നു. പരീക്ഷണവും അതിന്റെ വശ്യതയും വിവരിക്കുക. സാത്താൻ നിങ്ങളുടെ ബലഹീനത അറിയുന്നുവെന്നും അത് അവൻ മുതലാക്കുമെന്നും നിങ്ങൾ വിശ്വസിക്കുന്നുവോ?

8. മഹാവേശ്യയാൽ വഴി തെറ്റാതിരിക്കേണ്ടതിനുള്ള രണ്ടാമത്തെ ശുപാർശ എന്താണ്?
9. വ്യഭിചാരത്തെ ലോകം ലഘുവായി കാണുന്നു, എന്നാൽ ബൈബിൾ അതിനെ എങ്ങനെ കാണുന്നു? വ്യഭിചാരിണിയുടേത് “ക്ഷമിക്കപ്പെടാത്ത പാപമാണോ”? വ്യഭിചാരിണിക്ക് രക്ഷിക്കപ്പെടുവാൻ കഴിയുമോ? എങ്കിൽ എങ്ങനെ?
10. ലൈംഗിക “വ്യഭിചാരം” കൂടാതെ തന്നെ നമ്മിൽ വ്യഭിചാരകുറ്റം വരുമോ? ഏതെല്ലാം രീതിയിൽ അങ്ങനെ സംഭവിക്കുമെന്ന് പറയുക.
11. മഹാ വേശ്യയാൽ വഴി തെറ്റാതിരിക്കേണ്ടതിനുള്ള മുന്നാമത്തെ ശുപാർശ എന്ത്?
12. വെളിപ്പാട് 17 ന്റേയും 18 ന്റേയും ചുരുക്കമാണ് 1യോഹന്നാൻ 2:15-17 എന്ന് പറയപ്പെട്ടിരിക്കുന്നു. ആ വേദഭാഗം വിവരിച്ച് അതിൽ നമുക്ക് ഉള്ള പ്രായോഗികത പറയുക.



വേശ്യ രക്തം കുടിച്ചു മത്തയായി (17:1–7)